ഹയർ സെക്കൻററി വിദ്യാഭ്യാസ
ഡയറക്റ്ററുടെ കാര്യാലയം
ഹൗസിങ് ബോർഡ് ബിൽഡിംഗ്
തിരുവനന്തപുരം-1

# പത്രക്കുറിപ്പ്

**ICT Cell/1771/1/HSE/2018** **30th May 2018**

പത്രക്കുറിപ്പ്

## ഹയർസെക്കണ്ടറി ഏകജാലക പ്രവേശനം

ഏകജാലക സംവിധാനത്തിലൂടെയുള്ള പ്ലസ്‌വൺ പ്രവേശനത്തിനായുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുവാനുള്ള സൗകര്യം അഡ്മിഷൻ വെബ്സൈറ്റിൽ (www.hscap.kerala.gov.in) ലഭ്യമാക്കിയിട്ടുണ്ട്.

അപേക്ഷകർക്കു അപേക്ഷ ഓൺലൈനായി സമർപ്പിക്കുവാൻ സ്കൂളുകളിലെ കമ്പ്യൂട്ടർ ലാബ്/ ഇൻറർനെറ്റ് സൗകര്യം ലഭിക്കുന്നതാണ്. വേണ്ടുന്ന മറ്റു മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിന് അധ്യാപകരുടെ സേവനവും സംസ്ഥാനത്തെ എല്ലാ സർക്കാർ /എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിലും അതത് പ്രിൻസിപ്പൽമാരുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്കുകൾ മുഖേന സജ്ജമാക്കിയിട്ടുണ്ട്. അപേക്ഷ ഓൺലൈനായി സമർപ്പിക്കാനുള്ള അവസ്സാന തീയതി ഈ മാസം 31 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. 2018 മാർച്ചിൽ സി.ബി.എസ്.ഇ പരീക്ഷ എഴുതി ഉന്നത പഠനത്തിന് യോഗ്യത നേടിയ വിദ്യാർത്ഥികൾ ഏകജാലക പ്രവേശനത്തിന് അപേക്ഷിക്കുമ്പോൾ " 50 രൂപ മുദ്രപത്രത്തിൽ അപേക്ഷകരുടെ മാതാപിതാക്കൾ /രക്ഷകർത്താക്കൾ നിശ്ചിത മാതൃകയിലുള്ള സാക്ഷ്യ പത്രം കൂടി അപേക്ഷയോടൊപ്പം സമർപ്പിക്കണം." എന്ന പ്രോസ്പക്ടസിലെ ഒന്നാം ഖണ്ഡികയിലേ നിബന്ധനയിൽ നിന്നും. ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ 2018 മാർച്ചിനു മുൻപ് സി.ബി.എസ്.ഇ സിലബസിൽ ഉന്നത പഠനത്തിന് യോഗ്യത നേടിയവർക്ക് പ്രസ്തുത നിബന്ധന ബാധകമായിരിക്കുന്നതാണ്.

ഓൺലൈനായി സമർപ്പിക്കുന്ന അപേക്ഷയുടെ രണ്ട് പേജുള്ള പ്രിൻറൗട്ടും അനുബന്ധരേഖകളും ജില്ലയിലെ ഏതെങ്കിലും ഒരു സർക്കാർ/എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളിൽ വെരിഫിക്കേഷനായി മെയ് 31 വൈകുന്നേരം 5 മണിക്ക് മുൻപ് സമർപ്പിക്കേണ്ടതാണ്. ഓൺലൈനായി അപേക്ഷ അന്തിമമായി സമർപ്പിച്ച ശേഷം ഏതെങ്കിലും തരത്തിലുള്ള തെറ്റുകൾ അപേക്ഷകർ കണ്ടെത്തിയാൽ പ്രസ്തുത വിവരം ഓൺലൈൻ അപേക്ഷയുടെ പ്രിൻറൗട്ടും അനുബന്ധ രേഖകളും വെരിഫിക്കേഷനായി സമർപ്പിക്കുന്ന സ്കൂൾ പ്രിൻസിപ്പാളിനെ അറിയിച്ച് തിരുത്താവുന്നതാണെന്നും ഹയർ സെക്കണ്ടറി ഡയറക്ടർ അറിയിച്ചു.

ഡയറക്ടർ